**കേരള കാർഷിക സർവ്വകലാശാല**
**വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ**
**ഫോൺ: 0487 2699087**

നമ്പർ. ബി.ആർ.എസ്(2) 1364/2024 തിയ്യതി: 21/07/2025

**ക്വട്ടേഷൻ നോട്ടീസ്**

കേരള കാർഷിക സർവ്വകലാശാലയുടെ കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലെ അപകട സാദ്ധ്യതയുള്ള ഉണങ്ങിയ മരങ്ങൾ മുറിക്കുന്നതിനും മറ്റ മരങ്ങളുടെ ശാഖകൾ നീക്കം ചെയ്യുന്നതിനും തലപ്പ് മുറിച്ച് മാറ്റുന്നതിനുമായി താൽപ്പര്യമുള്ളവരിൽനിന്നും സീൽ ചെയ്ത മത്സരസ്വഭാവത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. തേക്ക് (4 എണ്ണം), പൂമരം (2 എണ്ണം), ആൽ (1 എണ്ണം) എന്നീ മരങ്ങൾ മുഴുവനായി മുറിക്കുന്നതിനും തേക്ക് (49 എണ്ണം), മരുത് (1 എണ്ണം), പ്ലാവ് (3 എണ്ണം), മഹാഗണി (1 എണ്ണം), മാവ് (1 എണ്ണം) എന്നീ മരങ്ങളുടെ ചില്ലകൾ/തലപ്പ് മുറിച്ചു കോതി ഇടുന്നതിനും തലപ്പ് മുറിച്ചു മാറ്റുന്നതിനുമുള്ള ആകെ തുക ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ തരാൻ താൽപ്പര്യമുള്ളവർ ഫാമിലെ പ്രവൃത്തി സമയത്ത് (8. am – 5 pm) ഈ കേന്ദ്രത്തിലെത്തി മരങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം തുക രേഖപ്പെടുത്തേണ്ടതാണ്. കവറിനുപുറത്ത് "മരങ്ങളുടെ ശാഖകൾ നീക്കം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി പ്രൊഫസർ & ഹെഡ്, വാഴ ഗവേഷണ കേന്ദ്രം, മാരാക്കൽ, കണ്ണാറ എന്ന വിലാസത്തിൽ ഈ ഓഫീസിൽ 31/07/2025 തിയ്യതി ഉച്ചയ്ക്ക് 2.30 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ അന്നേദിവസം 3.00 മണിയ്ക്ക് തന്നെ ക്വട്ടേഷനുകൾ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷൻ സ്വീകരിക്കുന്നതുമായിരിയ്ക്കും. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും, റദ്ദ ചെയ്യുന്നതിനും, മാറ്റി വയ്ക്കുന്നതിനും, നിരസിക്കുന്നതിനുമുള്ള പരമാധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

1. മരം മുറിക്കുന്ന അവസരത്തിൽ ഫാമിലുള്ള വിളകൾക്കും സ്ഥാവരജംഗമ വസ്തുക്കൾക്കും നാശനഷ്ടങ്ങൾ ഉണ്ടാവാൻ പാടുള്ളതല്ല.
2. ഏതെങ്കിലും തരത്തിൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നപക്ഷം അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആളിന്റേതായിരിക്കുകയും ഈ സാഹചര്യത്തിൽ പ്രൊഫസർ & ഹെഡ് നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടയ്ക്കുവാൻ ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കും.
3. ലേലം/ക്വട്ടേഷൻ സംബന്ധിച്ചിടത്തോളം, ഏതൊരു കാര്യത്തിനും അന്തിമതീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം പ്രൊഫസർ & ഹെഡ്, വാഴ ഗവേഷണ കേന്ദ്രം, കണ്ണാറയിൽ നിക്ഷിപ്തമാണ്.
4. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ലേലം/ക്വട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വട്ടേഷൻ അടുത്ത പ്രവൃത്തിദിവസം നിശ്ചിതസമയത്തു തന്നെ നടത്തുന്നതാണ്.
5. ലേലം മാറ്റിവയ്ക്കുന്നതിനോ, ഉറപ്പിക്കുന്നതിനോ/റദ്ദാക്കുന്നതിനോ/മേലാധികാരിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനോ ഉള്ള അധികാരം പ്രൊഫസർ & ഹെഡ്, വാഴ ഗവേഷണ കേന്ദ്രം, കണ്ണാറയിൽ നിക്ഷിപ്തമായിരിക്കും.
6. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തിദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
ഫോൺ നമ്പർ : **0487 2699087**

(ഒപ്പ്/-)
**പ്രൊഫസർ & ഹെഡ്**

പകർപ്പ്:
1. കെ.എ.യു വെബ് സൈറ്റ്
2. നോട്ടീസ് ബോർഡ്, വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ
3. ലോക്കൽ സർക്കുലേഷൻ
4. ഫാം സൂപ്രണ്ട്, വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ